"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - ഗുരുതരമല്ലാത്ത രോഗങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു

**റവന്യൂ(ഡി.ആർ.എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.2928/2021/റവ. തീയതി,തിരുവനന്തപുരം, 01/09/2021

പരാമർശം:-
1. 30/6/2011 ലെ 29568/DRF-A1/11/ റവ നമ്പർ സർക്കുലർ
2. 7/8/2012 – ലെ 41482/DRF-A2/12/ റവ നമ്പർ സർക്കുലർ
3 03/09/2016 ലെ G.O.(Ms).No.492/2016/ റവ നമ്പർ ഉത്തരവ്
4 6.10.20 ലെ സ . ഉ ( സാധാ ) 3170/20/ റവ നമ്പർ ഉത്തരവ്

**ഉത്തരവ്**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനഹായത്തിന് അപേക്ഷ സമർപ്പിക്കുമ്പോൾ പാലിക്കേണ്ട മാനദണ്ഡം സംബന്ധിച്ച പരാമർശം (1),(2) സർക്കുലാറുകളിൽ, വ്യക്തമാക്കിയിട്ടുണ്ട് . എന്നിട്ടും വിവിധ കളക്ടറേറ്റുകളിൽ നിന്നും ഗുരുതരമല്ലാത്ത രോഗങ്ങൾക്ക് സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതും ഇത്തരം രോഗമുള്ളവർ ഒരു തവണ തുക ലഭിച്ചതിനുശേഷം വീണ്ടും അപേക്ഷ സമർപ്പിക്കുന്നതും ആയത് സർക്കാരിലേക്ക് ശുപാർശചെയ്യുന്നതും ശ്രദ്ധയിൽപെട്ട സാഹചര്യത്തിൽ താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു

1. നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം അപൂർണ്ണമായ അപേക്ഷകൾ സർക്കാരിലേക്ക് അയക്കേണ്ടതില്ല. അപേക്ഷകളിലെ അപൂർണ്ണതക്കുള്ള കാരണം അപേക്ഷകനെ അറിയിച്ച് ആയതിൻമേൽ ഉചിത തീരുമാനം കളക്ടർ തലത്തിൽ എടുക്കേണ്ടതാണ്.

2 . ഈ വിഷയവുമായി ബന്ധപ്പെട്ട ഉത്തരവുകൾ പരിശോധിച്ച് അർഹരായ അപേക്ഷകർക്ക് പരാമർശം (3 ) പ്രകാരം 10000 /- രൂപ വരെയും HIV രോഗികൾയ്ക്ക് പരാമർശം (4) പ്രകാരം 6000 രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകിയിരുന്നു. ഇത്തരം അപേക്ഷകൾ സർക്കാരിലേക്ക് അയക്കേണ്ടതില്ല.

3 . ജീവിത ശൈലീ രോഗങ്ങൾ ,ഹെർണിയ , അപ്പൻഡിസൈറ്റിസ് , ഹെപറ്റൈറ്റിസ്, ആസ്ത്മ , മാനസിക രോഗം , അപസ്മാരം , ജോയിന്റ് പെയിൻ , ബാക്ക് പെയിൻ , ആർത്രൈറ്റിസ് , Hepatitis, തൈറോയിഡ് , യൂട്രസ് രോഗങ്ങൾ , ഫൈബ്രോയിഡ്, സിസ്റ്റ്, നേത്ര രോഗങ്ങൾ , ഒടിവ് ,

ചതവ് ,തൈറോയ്ഡ്, തുടങ്ങിയ രോഗങ്ങൾ കളക്ടറേറ്റുകളിൽ തീർപ്പാക്കേണ്ടതാണ്.

4. കിഡ്നി ,ഹൃദയം ,ക്യാൻസർ , കരൾ, ബ്രെയിൻ സംബന്ധമായ രോഗങ്ങൾ , ,അപൂർവ്വ രോഗങ്ങൾ , മറ്റ് ഗുരുതര രോഗങ്ങൾ ,അപകടമരണം, സർക്കാർ തലത്തിൽ തീർപ്പാക്കേണ്ട അപേക്ഷകൾ എന്നിവ മാത്രം സർക്കാരിലേക്ക് അയക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ .എ .ജയതിലക് ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ലാൻഡ് റവന്യൂ കമ്മീഷണർ
എല്ലാ ജില്ലാ കളക്ടർമാർക്കും
ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു റവന്യൂ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ(ഡി.ആർ.എഫ് ബി,സി ) വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ